11

വിവരാവകാശം - മറുപടി

നം : E.8/17444/17

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി 02..05..2017

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം.

ശ്രീ.അനീഷ്.എ.കെ
എഴെപുഞ്ചയിൽ,
വടവാതൂർ.പി.ഒ,
കോട്ടയം 686 010

സർ,

വിഷയം : സാമൂഹ്യനീതി വകുപ്പ് - വിവരാവകാശനിയമ പ്രകാരമുള്ള അപേക്ഷ - മറുപടി നൽകുന്നത് - സംബന്ധിച്ച്

സൂചന :- താങ്കൾ ഈ കാര്യാലയത്തിൽ 28.04.2017ൽ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷ

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചനയിൽ താങ്കൾ ആവശ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) സാമുഹ്യനീതി വകുപ്പിൻ കീഴിൽ 137 ടൈപ്പിസ്റ്റ് തസ്തികകൾ അനുവദിച്ചിട്ടുണ്ട്.

2) , (3), (4) 137 ടൈപ്പിസ്റ്റ് തസ്തികകൾ. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ജില്ല | Sanctioned post | Present strength |
|---|---|---|
| തിരുവനന്തപുരം | 21 | 21 |
| കൊല്ലം | 9 | 9 |
| പത്തനംതിട്ട | 9 | 9 |
| ആലപ്പുഴ | 8 | 8 |
| കോട്ടയം | 11 | 9 |
| ഇടുക്കി | 5 | 5 |
| എറണാകുളം | 16 | 16 |
| തൃശ്ശൂർ | 14 | 14 |
| പാലക്കാട് | 10 | 10 |
| മലപ്പുറം | 9 | 8 |
| കോഴിക്കോട് | 11 | 11 |
| വയനാട് | 2 | 2 |
| കണ്ണൂർ | 7 | 7 |
| കാസർഗോഡ് | 5 | 5 |
| **ആകെ** | **137** | **134** |

വകുപ്പിൻ കീഴിൽ ടൈപ്പിസ്റ്റ് തസ്തികയ്ക്ക് ഹെഡ് ക്വാർട്ടർ തസ്തികകൾ നിശ്ചയിച്ചിട്ടില്ല.

5) ടൈപ്പിസ്റ്റ് തസ്തികകൾ abolish ചെയ്തിട്ടില്ല.

Aj.

6) A) ടൈപ്പിസ്റ്റ് തസ്തികയുടെ സംസ്ഥാനതല അനുപാതമാണ് പാലിക്കുന്നത്.

B) 1:1:1:1 എന്ന അനുപാതത്തിൽ സെലക്ഷൻ ഗ്രേഡ് : സീനിയർ ഗ്രേഡ് : യു.ഡി.ടൈപ്പിസ്റ്റ് : എൽ.ഡി ടൈപ്പിസ്റ്റ് എന്നിങ്ങനെ ടൈപ്പിസ്റ്റ് തസ്തികയുടെ അനുപാതം പാലിച്ചുവരുന്നു.

C) വകുപ്പിലെ ആകെ 137 ടൈപ്പിസ്റ്റ് തസ്തികകളെ 1:1:1:1 എന്ന അനുപാതത്തിൽ 34 സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് : 34 സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് : 34 യു.ഡി ടൈപ്പിസ്റ്റ് : 35 എൽ.ഡി.ടൈപ്പിസ്റ്റ് എന്നിങ്ങനെ ക്രമീകരിച്ചിരിക്കുന്നു.

D) വകുപ്പിൻ കീഴിലെ ടൈപ്പിസ്റ്റ് തസ്തികകളുടെ ജില്ലാതല അനുപാതം നിജപ്പെടുത്തിയിട്ടില്ല.

7) 8) ക്ലാർക്കിന് ആനുപാതികമായി ടൈപ്പിസ്റ്റ് തസ്തിക പാലിക്കണമെന്ന വ്യവസ്ഥയില്ല

9) സാമൂഹ്യനീതി ഡയറക്ടറുടെ 8.12.2016ലെ E8-34371/16 നമ്പർ നടപടി ക്രമത്തിലൂടെയാണ് ടൈപ്പിസ്റ്റ് തസ്തികയിൽ അവസാനമായി റേഷ്യോ പ്രൊമോഷൻ അനുവദിച്ചിട്ടുള്ളത്. ഇതിന്റെ പകർപ്പ് ലഭ്യമാകുന്നതിന് പേജ് ഒന്നിന് രണ്ട് രൂപ നിരക്കിൽ ആറ് പേജുകൾക്ക് 12/-രൂപ 0070-60-118-99-receipts RTI എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ ഒടുക്കി ചെലാൻ ഹാജരാക്കേണ്ടതാണ്.

10), 11) 2019 വരെ ടൈപ്പിസ്റ്റ് തസ്തികയിൽ ഉണ്ടാകുന്ന പ്രതീക്ഷിത ഒഴിവുകൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

12) 2017ലെ പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.

13) വകുപ്പിലെ ആകെ എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകളിൽ 10% തസ്തികകളിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരിൽ നിന്നും സീനിയോരിറ്റിയുടേയും, ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്കുള്ള യോഗ്യതയുടേയും അടിസ്ഥാനത്തിൽ ജീവനക്കാരിൽ നിന്നും ഓപ്ഷൻ ക്ഷണിച്ചുകൊണ്ട് നിയമനം നൽകി വരുന്നു.

വകുപ്പിൽ ഇപ്രകാരം നാല് തസ്തികകളാണ് പരിഗണനയിലുള്ളത്. ഇതിൽ രണ്ട് തസ്തികകളിൽ പ്രൊമോഷൻ നടത്തിയിട്ടുണ്ട്. രണ്ട് തസ്തികകൾ ശേഷിക്കുന്നു. ഈ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

14) വകുപ്പിന് കീഴിലെ എല്ലാ തസ്തികകളുടേയും നിയമനാധികാരി സാമൂഹ്യനീതി ഡയറക്ടറാണ്.

15) മറുപടി തൃപ്തികരമല്ലെങ്കിൽ, മറുപടി ലഭ്യമായി 30 ദിവസത്തിനകം അപ്പീൽ അധികാരിയായ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സാമൂഹ്യനീതി ഡയറക്ടറേറ്റ്, വികാസ് ഭവൻ, അഞ്ചാംനില, തിരുവനന്തപുരം 695 033 എന്ന മേൽവിലാസത്തിൽ അപ്പീൽ നൽകാവുന്നതാണ്.

വിശ്വസ്തതയോടെ,

എസ്.എൽ.ശ്യാം ശങ്കർ
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യനീതി വകുപ്പ്